ഭാഗം - 2

# പലഹാരപ്പൊതി

## വാതിൽ

## ഞാനല്ല

പേരക്ക പഴുത്തപ്പോൾ
നിറമാദ്യം കണ്ടതും
കൈചൂണ്ടിപ്പറഞ്ഞതും
ഞാനല്ലേ?

മാമ്പഴം മണത്തപ്പോൾ
മൂക്കാദ്യം വിടർത്തതും
കൈനീട്ടിച്ചാട്യേതും
ഞാനല്ലേ?

നെയ്യപ്പം വെന്തപ്പോൾ
നാക്കു നുണച്ചതും
ഒളികണ്ണാൽ നോക്ക്യേതും
ഞാനല്ലേ?

പേരക്ക പറിച്ചതും
കറുമുറാ തിന്നതും
മാമ്പഴം മുറിച്ചതും
ഗുളുഗുളാ തിന്നതും
നെയ്യപ്പം കടിച്ചതും
കശകശാ തിന്നതും
ഞാനല്ല, ഞാനല്ല
കുഞ്ഞേട്ടൻ.

*ലളിത ലെനിൻ*

*(കടൽ)*

ലളിത ലെനിന്റെ ഞാനല്ല കവിത [പാഠപുസ്തകം പേജ് 34,35] വായിച്ചല്ലോ കൂട്ടുകാരേ. ഈ കവിത ഈണത്തിൽ ചൊല്ലി നോക്കൂ.

☆ ഞാനല്ല ഞാനല്ല എന്ന് കുട്ടി വീണ്ടും വീണ്ടും പറയാൻ കാരണമെന്താവും?

പേരയ്ക്ക പഴുത്തത് കണ്ടതും മാമ്പഴത്തിന്റെ മണം അറിഞ്ഞതും നെയ്യപ്പം വെന്തതറിഞ്ഞതും കുട്ടിയാണ്. എന്നാൽ ഇതൊക്കെ ആദ്യം തിന്നത് കുഞ്ഞേട്ടനാണ്. അതിന്റെ പരിഭവത്തിലാണ് കുട്ടി ഞാനല്ല ഞാനല്ല എന്നു പറഞ്ഞത്.

## ആശയം

പേരയ്ക്ക പഴുത്തപ്പോൾ ആദ്യം കണ്ടത് അനിയത്തിയാണ്. പേരയ്ക്ക പഴുത്തു എന്നുപറഞ്ഞ് അവൾ ചേട്ടനെ ചൂണ്ടിക്കാണിച്ചു കൊടുത്തു. മാങ്ങ പഴുത്തതിന്റെ മണം വന്നപ്പോൾ അത് പറിക്കാനായി അവൾ കൈനീട്ടിച്ചാടി. നെയ്യപ്പം വെന്തതിന്റെ മണം പൊങ്ങിയപ്പോൾ അവർ കൊതിയോടെ ഒളിഞ്ഞുനോക്കി.. പക്ഷേ ഇതൊന്നുപോലും അവൾക്ക് ആദ്യം തിന്നാൻ കിട്ടിയില്ല. പേരയ്ക്കയും മാമ്പഴവും നെയ്യപ്പവും ഒക്കെ ആദ്യം തിന്നത് അവളുടെ കുഞ്ഞേട്ടനാണ്.

### ലളിത ലെനിൻ



ലളിത ലെനിൻ എഴുതിയ കടൽ എന്ന കവിതാ സമാഹാരത്തിലെ കവിതയാണ് 'ഞാനല്ല'. തൃശൂർ ജില്ലയിലെ തൃത്തല്ലൂരിൽ 1946 ൽ ജനിച്ചു. കുട്ടികൾക്കായുള്ള 'മിന്നു' എന്ന നോവലും നമുക്ക് പ്രാർത്ഥിക്കാം, കർക്കിടകവാവ് തുടങ്ങിയ കവിതകളും ലളിത ലെനിൻ എഴുതിയിട്ടുണ്ട്.

# കയ്പും മധുരവും

## മുന്തിരിങ്ങ

**പേരയ്ക്കാപ്പഴവും മാമ്പഴവും നെയ്യപ്പവും എല്ലാം അനിയത്തിയേക്കാൾ മുമ്പേ തിന്ന കുഞ്ഞേട്ടനെ പരിചയപ്പെട്ടല്ലോ. അമ്മ വാങ്ങിക്കൊണ്ടുവന്ന മുന്തിരിങ്ങയിലൊരെണ്ണം ആരുമറിയാതെ കഴിച്ച വാന്യ എന്ന കുട്ടിയെക്കുറിച്ചാണ് മുന്തിരിങ്ങ എന്ന കഥ.**

### ലിയോ ടോൾസ്റ്റോയി



റഷ്യൻ എഴുത്തുകാരനായ ലിയോ ടോൾസ്റ്റോയിയുടെ കഥയുടെ വിവർത്തനമാണ് കൂട്ടുകാർ പഠിച്ച മുന്തിരിങ്ങ എന്ന കഥ. ഇദ്ദേഹം കുട്ടികൾക്കുവേണ്ടി ധാരാളം കഥകൾ രചിച്ചിട്ടുണ്ട്. ടോൾസ്റ്റോയിയുടെ കുട്ടികൾക്കുവേണ്ടിയുള്ള കഥകൾ ഓരോന്നും ഓരോ ഗുണപാഠം ഉൾക്കൊള്ളുന്നവയാണ്. കുട്ടികളുടെ മനസ്സറിഞ്ഞ ഈ എഴുത്തുകാരൻ കുട്ടികളുടെ മനസ്സിലൂടെ ചിന്തിക്കുകയും എഴുതുകയും ചെയ്തു. റഷ്യയിലെ യാസ്നയ പോല്യാനയിൽ 1828 ലാണ് ടോൾസ്റ്റോയി ജനിച്ചത്. രണ്ടു വയസ്സാകുന്നതിനുമുമ്പ് ടോൾസ്റ്റോയിക്ക് അമ്മയും ഒൻപതാമത്തെ വയസ്സിൽ പിതാവും നഷ്ടപ്പെട്ടു. പിന്നീട് ബന്ധുക്കളുടെ സംരക്ഷണയിലാണ് ടോൾസ്റ്റോയി വളർന്നത്. ഇദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ നോവലുകളാണ് യുദ്ധവും സമാധാനവും, അന്നാ കരേനിന എന്നിവ. 1910 ൽ അന്തരിച്ചു.

# പ്രവർത്തനങ്ങൾ



- **വീട്ടിലെല്ലാവരും ചിരിച്ചപ്പോഴും വാന്യ കരയാൻ എന്താവും കാരണം?**

  കളവ് പിടിക്കപ്പെട്ടു എന്ന ജാള്യതകൊണ്ടാണ് വാന്യ കരഞ്ഞത്.

- **ഈ കഥയിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട കഥാപാത്രം ആരാണ്? എന്തുകൊണ്ട്?**

  അച്ഛനാണ് ഏറ്റവും ഇഷ്ടപ്പെട്ട കഥാപാത്രം. വഴക്കുപറയാതെയും തല്ലാതെയും സൂത്രത്തിലൂടെ കളവ് കണ്ടുപിടിച്ചതുകൊണ്ടാണ് അച്ഛനെ ഇഷ്ടപ്പെട്ടത്.

- **അച്ഛൻ പ്രയോഗിച്ച സൂത്രം നിങ്ങൾക്ക് ഇഷ്ടമായോ? എന്തുകൊണ്ട്?**

  മക്കളെ വഴക്കുപറയാതെ രസകരമായി കളവ് കണ്ടെത്താൻ അച്ഛന് കഴിഞ്ഞു. അതുകൊണ്ട് അച്ഛന്റെ സൂത്രം ഇഷ്ടമായി.

- **മുന്തിരിങ്ങ എന്ന കഥ റോൾ പ്ലേ ആയി അവതരിപ്പിക്കൂ.**

മാതൃക

*(കടയിൽനിന്ന് വാങ്ങിയ മുന്തിരിങ്ങ മേശപ്പുറത്ത് വയ്ക്കുന്നു.)*

വാന്യ : ഇതെന്താണമ്മേ?

അമ്മ : ഇതാണ് മുന്തിരിങ്ങ.

*(അമ്മ അകത്തേക്ക് പോകുന്നു. വാന്യ മുന്തിരിങ്ങ മണത്തു നോക്കുന്നു.)*

വാന്യ : ഹായ്, കാണാനെന്തു ഭംഗിയാ. നല്ല മണവുമുണ്ട്.

*(ചുറ്റും നോക്കുന്നു. ഒരു മുന്തിരിങ്ങ എടുത്ത് വായിലിടുന്നു. മുറിയിലേക്ക് പോകുന്നു.)*

അമ്മ : മക്കളേ, ഊണിനു സമയമായി. അച്ഛനെയും വിളിക്കൂ. ഇന്നൊരു സ്പെഷൽ ഉണ്ട്.

*(എല്ലാവരും തീൻമേശയ്ക്ക് ചുറ്റും ഇരിക്കുന്നു. അമ്മ സംശയത്തോടെ മുന്തിരിങ്ങ നോക്കി പറയുന്നു.)*

അമ്മ : മക്കളേ, നിങ്ങളാരെങ്കിലും മുന്തിരിങ്ങ എടുത്തു തിന്നോ?

മക്കൾ : ഇല്ലമ്മേ.

അച്ഛൻ : നിങ്ങൾ ആരും മുന്തിരിങ്ങ തിന്നില്ലെങ്കിൽ ഒരു മുന്തിരി എവിടെ?

വാന്യ : ഞാനെടുത്തില്ല.

അച്ഛൻ : മുന്തിരിങ്ങ കണ്ടാൽ ആരും കൊതിക്കും. ഒന്നെടുത്ത് തിന്നാൽ തെറ്റു പറയാനാകില്ല. പക്ഷേ മുന്തിരിങ്ങ തിന്നയാൾ വലിയ കുഴപ്പമാണ് കാണിച്ചിരിക്കുന്നത്. അതിലെ കുരു അറിയാതെ വിഴുങ്ങിയാൽ നാളെ അവൻ മരിച്ചുപോകും. അതോർത്ത് പേടി ഉണ്ട്.

വാന്യ : *(വിളറിയ മുഖത്തോടെ)* ഞാൻ കുരു തിന്നില്ലച്ഛാ. അത് ജനലിലൂടെ പുറത്തെറിഞ്ഞു.

*(എല്ലാവരും ചിരിക്കുന്നു. വാന്യ കരയുന്നു.)*

- **മുന്തിരി കട്ടുതിന്ന ദിവസം വാന്യ എഴുതാനിടയുള്ള ഡയറി തയാറാക്കൂ. ക്ലാസിൽ അവതരിപ്പിക്കൂ.**

**വാന്യയുടെ ഡയറിക്കുറിപ്പ്**

തീയതി

ഇന്നെനിക്ക് ഏറെ സന്തോഷവും സങ്കടവും നിറഞ്ഞൊരു ദിവസമായിരുന്നു. പാത്രത്തിൽ നിറഞ്ഞുനിന്ന മുന്തിരിങ്ങ കാണാൻ എന്തൊരു ഭംഗി ആയിരുന്നു. എന്നാലും ആ മുന്തിരിങ്ങ കാരണം കരയേണ്ടി വരും എന്ന് ഞാൻ ഓർത്തില്ല. കൊതികൊണ്ടായിരുന്നു അതിൽ ഒരെണ്ണം എടുത്തു തിന്നത്. എന്റെ കള്ളത്തരം കൗശലക്കാരനായ അച്ഛൻ എത്ര വേഗം കണ്ടുപിടിച്ചു. എല്ലാവരും കളിയാക്കിച്ചിരിച്ചപ്പോൾ എനിക്കൊത്തിരി വിഷമം ആയെങ്കിലും എന്റെ ഹീറോ എന്റച്ഛൻ തന്നെ.



# തോൽക്കില്ല ഞാൻ

മുന്തിരിങ്ങ ഒരു റഷ്യൻകഥയാണ്. ഭക്ഷണവും കുട്ടികളും വിഷയമാകുന്ന
രചനകൾ നമ്മുടെ ഭാഷയിലുമുണ്ട്. ഒരു കവിത വായിക്കൂ.

മേരിയോടന്നും ചോദിച്ചു ഞങ്ങൾ
"പേരെന്താ കുട്ടീ?" - പേരക്കയത്രെ!
നാണംകെട്ടുമടങ്ങില്ല ഞങ്ങൾ
"നാടെന്താ കുട്ടീ?" - നാരങ്ങയത്രെ!

പട്ടുകൂമ്പാളക്കോണമുടുത്തു,
പ്ലാവിലപ്പൊൻകിരീടവും വച്ചു,
പയ്യെപ്പയ്യെ, യത്തെങ്ങിൻമടലിൻ
പൈക്കിടാവിനെയാട്ടിത്തെളിച്ചു,

'നാരങ്ങ'യെന്ന വിശ്വപ്രസിദ്ധ-
നാട്ടിലെക്കൊച്ചുറാണി വരുമ്പോൾ,
തൻകരത്താൽ മുഖം മറച്ചെന്റെ-
യപ്പച്ചൻപോലും പൊട്ടിച്ചിരിക്കും.

അക്കിനാവിനെക്കാണുമ്പൊഴെല്ലാം
അമ്മ ചെന്നങ്ങു വാരിയെടുക്കും.
ചുറ്റുമെത്തുന്ന ഞങ്ങളുമോരോ
വർത്തമാനങ്ങൾ ചോദിച്ചിരിക്കും.

"മാമൂനിന്നെന്തു കൂട്ടി നീ പെണ്ണേ?"
"മീമി ചുട്ടതാണമ്മച്ചി തന്നേ."
"കള്ളി നീയതിലെന്തൊക്കെത്തിന്നു?"
"മുള്ളുമാത്രം ഞാൻ തുപ്പിക്കളഞ്ഞു."

"കണ്ണു രണ്ടും വയറ്റിൽ മുളച്ച്
വന്മരങ്ങളായ് വന്നാലോ പെണ്ണേ?"
"മാന്തളിന്നൊറ്റക്കണ്ണല്ലേയുള്ളൂ?"
മാറിനിന്നവൾ കൊഞ്ഞനം കാട്ടും.

*കെ.സി. ഫ്രാൻസിസ്*
*(പുതിയ മനുഷ്യൻ)*

## കവിതയുടെ ആശയം

ഏതു ചോദ്യത്തിനും മറുപടിയുള്ള കുട്ടിയാണ് മേരി. പേരു ചോദിച്ചാൽ അവൾ പേരയ്ക്ക എന്ന് ഉത്തരം പറയും. ചോദിക്കുന്നവർക്ക് ഇതുകേട്ട് ചമ്മലുണ്ടാകും. എന്നാൽ നാണംകെട്ടു മടങ്ങാതെ മേരിയുടെ നാടേതെന്ന് അവർ ചോദിക്കും. അപ്പോൾ മേരി നാരങ്ങ എന്ന് ഉത്തരം പറയും. പിന്നീട് മേരിയുടെ വേഷത്തെക്കുറിച്ചാണ് കവിതയിൽ പറയുന്നത്. കവുങ്ങിൻകൂമ്പാള കൊണ്ട് കോണകമിട്ട് പ്ലാവിലകൊണ്ട് കിരീടവും തലയിൽവച്ച് തെങ്ങിന്റെ മടലു കൊണ്ട് ഉണ്ടാക്കിയ പശുക്കിടാവിനെയും വലിച്ചുകൊണ്ടാണ് അവളുടെ നടത്തം. വിശ്വപ്രസിദ്ധമായ നാരങ്ങയെന്ന നാട്ടിലെ കൊച്ചുരാജകുമാരിയെപ്പോലെ അവൾ വരുന്നത് കാണുമ്പോൾ മുഖംപൊത്തി എല്ലാവരും പൊട്ടിച്ചിരിക്കും.


ആ കുസൃതിപ്പെണ്ണിനെ കാണുമ്പോഴെല്ലാം അമ്മ ഓടിച്ചെന്ന് വാരിയെടുക്കും. ചുറ്റുംനിന്ന് ഞങ്ങളും ഓരോരോ കാര്യങ്ങൾ ചോദിക്കും. അവർ ചോദിക്കുന്ന കാര്യങ്ങളാണ് പിന്നീട് കവിതയിൽ പറയുന്നത്.

ചോറിനെന്താണ് നീ കറി കൂട്ടിയത് എന്ന് ചോദിക്കുമ്പോൾ മീമി (മീൻ) ചുട്ടതാണ് അമ്മ തന്നതെന്നാണ് അവളുടെ മറുപടി.

അതിൽ നീ എന്തൊക്കെ തിന്നു എന്ന് ചോദിച്ചാൽ മുള്ളുമാത്രം ഞാൻ തുപ്പിക്കളഞ്ഞു എന്നായിരിക്കും മറുപടി.

ഇതുകേട്ട് ഞങ്ങൾ അവളെ പേടിപ്പിക്കാൻ വേണ്ടി മീനിന്റെ കണ്ണു രണ്ടും വയറ്റിൽ മുളച്ച് വൻ മരമായി വന്നാലോ പെണ്ണേ എന്നു ചോദിച്ചു. അതിനും അവൾ കൊഞ്ഞനംകുത്തിക്കൊണ്ട് മാന്തളിന് ഒറ്റ കണ്ണേയുള്ളൂ എന്ന് മറുപടി പറയുന്നു. ഏതു ചോദ്യത്തിനും രസകരമായി മറുപടി പറയുന്ന കുസൃതിക്കുട്ടികളുടെ ലോകമാണ് ഈ കവിതയിലുള്ളത്.

## കെ. സി. ഫ്രാൻസിസ്



1940-1960 വരെയുള്ള കാലത്ത് മലയാള കവിതാലോകത്ത് ഏറെ ശ്രദ്ധിക്കപ്പെട്ട കവിയാണ് കെ.സി. ഫ്രാൻസിസ്. അദ്ദേഹത്തിന്റെ തെരഞ്ഞെടുത്ത കവിതകൾ ഉൾക്കൊള്ളിച്ച് 'പുതിയ മനുഷ്യൻ'എന്ന കവിതാസമാഹാരം കേരള സാഹിത്യ അക്കാദമി പുറത്തിറക്കി.

- **ചിത്രത്തിലെ കൊച്ചുറാണിയുടെയും കവിതയിലെ കൊച്ചുറാണിയുടെയും വേഷവിധാനങ്ങൾ തമ്മിൽ എന്തെല്ലാം വ്യത്യാസമുണ്ട്?**

മാതൃക **ലക്ഷ്മിയുടെ കുറിപ്പ്**

കവിതയോടൊപ്പമുള്ള ചിത്രത്തിലെ കൊച്ചുറാണിയുടെയും കവിത വായിച്ചപ്പോൾ എന്റെ മനസ്സിൽ തെളിഞ്ഞ കൊച്ചുറാണിയുടെയും വേഷങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. കവിതയ്ക്കു വേണ്ടി വരച്ച ചിത്രം കണ്ടാൽ ഭൂമീദേവിയെ ഒരു കൊച്ചുറാണിയായി സങ്കല്പിച്ചു വരച്ച പോലുണ്ട്. എന്നാൽ കവിത വായിച്ചപ്പോൾ എന്റെ മനസ്സിൽ തെളിഞ്ഞുവന്നത് കൂമ്പാള കോണകമുടുത്ത് പ്ലാവിലത്തൊപ്പിവച്ച് മടലു കൊണ്ടുണ്ടാക്കിയ പശുക്കുട്ടിയേയും വലിച്ചുകൊണ്ട് നടക്കുന്ന ഒരു കുസൃതിക്കുട്ടിയുടെ ചിത്രമാണ്.

മുത്തച്ഛൻ പറഞ്ഞുതന്ന മുത്തച്ഛന്റെ കുട്ടിക്കാലത്തെ പലകാര്യങ്ങളുമായും കവിതയിലെ കുട്ടിക്ക് സാമ്യമുണ്ട്. മുത്തച്ഛന്റെ കുട്ടിക്കാലത്ത് വിലപിടിച്ച കുപ്പായവും കളിപ്പാട്ടങ്ങളുമൊന്നുമില്ലായിരുന്നു. കുട്ടികളുടുത്തിരുന്നത് പട്ടുകൂമ്പാളക്കോണകം

മാത്രമായിരുന്നു. പ്ലാവിലക്കിരീടമുണ്ടാക്കുന്നവിധം മുത്തച്ഛൻ എനിക്ക് കാണിച്ചു തന്നിട്ടുണ്ടായിരുന്നു. തെങ്ങിൻമടൽ ചെത്തി മുത്തച്ഛൻ എനിക്ക് പശുക്കുട്ടിയെയും ഉണ്ടാക്കിത്തന്നിട്ടുണ്ട്. കവിത വായിച്ചപ്പോൾ അതെല്ലാം എന്റെ മനസ്സിൽ തെളിഞ്ഞുവന്നു!

- **മുന്തിരിങ്ങ തിന്ന വാന്യയും മാന്തൾ തിന്ന മേരിയും കുടുങ്ങിപ്പോയ സന്ദർഭത്തിൽനിന്നു രക്ഷപ്പെട്ടത് എങ്ങനെ? രക്ഷപ്പെട്ട മാർഗങ്ങൾ തമ്മിൽ വ്യത്യാസമുണ്ടോ? ചർച്ച ചെയ്യുക.**

മുന്തിരിങ്ങ ആരും കാണാതെ വാന്യ തിന്നു. മുന്തിരിങ്ങയിൽ ഒന്ന് കുറവാണെന്ന് കണ്ട അമ്മ അത് ആരാണ് എടുത്തത് എന്ന് ചോദിച്ചു. താൻ എടുത്തിട്ടില്ല എന്ന് കള്ളം പറഞ്ഞ് വാന്യ അതിൽനിന്ന് രക്ഷപ്പെടാൻ ശ്രമിച്ചു. എന്നാൽ അവസരോചിതമായി അച്ഛൻ ഇടപെട്ട് മുന്തിരിങ്ങ തിന്നത് വാന്യയാണെന്ന രഹസ്യം പുറത്തുകൊണ്ടുവന്നു. മാന്തൾ തിന്ന് മുള്ളുമാത്രം തുപ്പിക്കളഞ്ഞു എന്ന് പറഞ്ഞ മേരിയോട് മാന്തളിന്റെ കണ്ണുകൾ വയറ്റിൽ മുളച്ച് മരമായി മാറും എന്ന് പറഞ്ഞ് കൂട്ടുകാർ ഭയപ്പെടുത്തി. എന്നാൽ അതിനെ ഒരു തമാശയായി കണ്ട് മാന്തളിനൊറ്റ കണ്ണേയുള്ളൂ എന്ന് പറഞ്ഞ് കൊഞ്ഞനംകാട്ടുകയാണ് അവൾ ചെയ്തത്. മുന്തിരിങ്ങ എന്ന കഥയിൽ പ്രശ്നം രസകരമായി പരിഹരിച്ചത് അച്ഛനാണ്. തോൽക്കില്ല ഞാൻ എന്ന കവിതയിലെ കുട്ടിതന്നെയാണ് ചോദ്യങ്ങൾക്ക് രസകരമായി മറുപടി പറഞ്ഞ് സന്ദർഭത്തെ മറികടക്കുന്നത്.

# പലഹാരക്കൊതിയന്മാർ

പലഹാരക്കൊതിയന്മാരായ രണ്ട് ഉറുമ്പുകളുടെ കഥയിലൂടെ ഒരുപാട് പലഹാരങ്ങളെ നമുക്ക് പരിചയപ്പെടാം. പൊന്നാനിച്ചന്തയിലെ പ്രസിദ്ധമായ അപ്പക്കച്ചവടത്തെക്കുറിച്ചും കോഴിക്കോട് വലിയങ്ങാടിയിലെ നാല്പതിലേറെ പലഹാരങ്ങളെക്കുറിച്ചും രസകരമായി ഈ കഥയിൽ പറയുന്നുണ്ട്.

## വിജയൻ കോതമ്പത്ത്



മലപ്പുറം ജില്ലയിലെ എടപ്പാൾ സ്വദേശി. ഇദ്ദേഹത്തിന്റെ 'അപ്പാണ്യത്തിനുപോയ പലഹാരക്കൊതിയന്മാർ' എന്ന പുസ്തകത്തിലെ ചെറിയൊരു ഭാഗമാണീ പാഠം. 'ഒറ്റയ്ക്കിരിക്കുന്ന കുട്ടി' ഇദ്ദേഹത്തിന്റെ ആദ്യ കവിതാസമാഹാരമാണ്. യുറീക്ക, ശാസ്ത്രകേരളം എന്നിവയുടെ പത്രാധിപരായിരുന്നു.

**മറ്റു കൃതികൾ :** കുട്ടികൾക്കുവേണ്ടി, ഓന്തും അരണയും, കാഴ്ചകൾ, കൗതുകങ്ങൾ, ചോദിച്ചറിയാം ഭരണഘടന, കുട്ടികളറിയാൻ ഇന്ത്യൻ ഭരണഘടന, മാൻകുട്ടിപോലൊരു ആൺകുട്ടി.

### പ്രവർത്തനങ്ങൾ

- **അപ്പച്ചന്തയിലെ വിശേഷങ്ങൾ വായിച്ചപ്പോൾ നിങ്ങൾക്കു രസകരമായി തോന്നിയ വാക്കുകൾ ഏതെല്ലാം?**
  അപ്പാണ്യം, മുട്ടസുർക്ക, മുട്ടമാല, പൊടിപൊടിച്ച അപ്പക്കച്ചോടം, അപ്പത്തിന്റെ വാണിഭം, അപ്പത്തിന്റെ ചന്ത, വലിയങ്ങാടി
- **പലഹാരങ്ങളുടെ പേരുകൾ എഴുതൂ. അവ അക്ഷരമാലാക്രമത്തിൽ പട്ടികയാക്കൂ.**

**അരിയുണ്ട, ഇലയട, ഈത്തപ്പഴംപൊരി, ഉന്നക്കായ, ഊത്തപ്പം, കായവറുത്തത് , ചിക്കൻ റോൾ, ജിലേബി, നെയ്യപ്പം, പക്കവട, ബോണ്ട, മൈസൂർപാക്ക്, സുഖിയൻ, ഹൽവ**

# ആഹാരവുമായി ബന്ധപ്പെട്ട ചില പാട്ടുകൾ

## ഹായ്, നെയ്യപ്പം!

ഹയ്യട ഹയ്യാ! നെയ്യപ്പം
നെയ്യിൽ വെന്തൊരു നെയ്യപ്പം
തിന്നാനെന്തൊരു രസമാണീ-
മധുരച്ചക്കരെ നെയ്യപ്പം!
പണ്ടൊരു കള്ളക്കാക്കച്ചി
സൂത്രക്കാരിക്കാക്കച്ചി
കുഞ്ഞിൻ കയ്യിലെ നെയ്യപ്പം
തട്ടിയെടുത്തൊരു പാട്ടുണ്ടേ!

## നക്ഷത്രം പോലെ അച്ചപ്പം

കൊച്ചിയിൽ നിന്നും കൊച്ചേട്ടൻ
വാങ്ങിയതാണീ അച്ചപ്പം
നക്ഷത്രം പോലയ്യയ്യ!
ഒത്തിരിയുണ്ടേ അച്ചപ്പം
കരുമുരു - കരുമുരു താളത്തിൽ
കടിച്ചുതിന്നാം അച്ചപ്പം
കൊച്ചുകിടാങ്ങൾക്കെന്തിഷ്ടം
അച്ചിലൊരുക്കിയ അച്ചപ്പം!

## മസാലദോശ എന്തു രസം!

മസാലദോശ കഴിച്ചിടാൻ
എന്തൊരു രസമാണയ്യയ്യാ!
ദോശക്കുള്ളിൽ രുചിയേറും
മസാലയുണ്ടേ ധാരാളം
തേങ്ങാച്ചട്നിം സാമ്പാറും
ഇത്തിരി കൂട്ടിത്തിന്നെന്നാൽ
മതിവരികില്ലാ നമ്മൾക്ക്;
പിന്നേം തിന്നാൻ കൊതി തോന്നും!

## അടകൾ പലവിധം

അടയെന്നുള്ളൊരു പലഹാരം
നല്ലൊരു നാടൻ പലഹാരം
അരിയടയുണ്ടേ പലമട്ടിൽ
ഗോതമ്പടയും പലമട്ടിൽ

ചക്കകുഴച്ചൊരു ചക്കയട
ചക്കര ചേർത്തൊരു മധുരയട
ചട്ടിയിൽ വെന്തൊരു ചട്ടിയട
പാലട - തേനട- കപ്പയട!

■ എല്ലാവരും വീട്ടിൽ നിന്നും തയാറാക്കിക്കൊണ്ടുവന്ന പലഹാരങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കൂ. പ്രദർശനത്തിന്റെ പ്രചാരണത്തിനായി പോസ്റ്ററും തയാറാക്കണം.

പോസ്റ്റർ മാതൃക

## നാവിൽ കൊതിയൂറും പലഹാരങ്ങൾ!!


## ഫുഡ് ഫെസ്റ്റ് '24

ആഗസ്റ്റ് 10, 11 തീയതികളിൽ

പൂമാല ഗവ. എൽ.പി.സ്കൂൾ അങ്കണം

രാവിലെ 10 മുതൽ വൈകിട്ട് 4 വരെ

ഉണ്ണിയപ്പം, ചക്കവറുത്തത്, മത്തങ്ങ ഹൽവ, അച്ചപ്പം, കുഴലപ്പം, ബർഫി, കേക്ക്, വാഴക്കൂമ്പ് കട്‌ലറ്റ്, മുന്തിരിക്കൊത്ത്, കുമ്പിളപ്പം തുടങ്ങി വ്യത്യസ്തമായ വിഭവങ്ങൾ.



- ‘പൊന്നാനിച്ചന്തയിലേക്കുള്ള ഓട്ടത്തിനിടയിൽ മുട്ടമാലയുടെ മണവും രുചിയുമോർത്ത് മണിയന്റെ വായിൽ വെള്ളം നിറഞ്ഞ് പുറത്തേക്കൊഴുകി. കല്ലായിപ്പുഴയും കവിഞ്ഞ് കുറേ വെള്ളം കടലിലേക്കുമൊഴുകി.’

കൊതിമൂത്ത ഉറുമ്പുകൾക്ക് അപ്പാണ്യത്തിന് എത്തിച്ചേരാൻ കഴിഞ്ഞോ? അവർക്ക് മതിവരുവോളം

## അപ്പം കിട്ടിയോ? കഥ പൂർത്തിയാക്കിപ്പറയൂ. എഴുതൂ.

**കഥ - മാതൃക**

കൊതിമൂത്ത മണിയൻ ചോണന്റെ പിന്നാലെ വായിൽ വെള്ളം നിറച്ച് ചന്തയ്ക്ക് പോയി. ചന്ത നിറയെ ആൾക്കാരെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. തിക്കിലും തിരക്കിലും പെട്ട് വളരെ സാഹസപ്പെട്ട് മണിയൻ പലഹാരത്തിനടുത്തെത്തി. എല്ലാ പലഹാരവും രുചിച്ചുരുചിച്ച് മണിയന് പിന്നെ നടക്കാൻ കഴിയാതെ ആയി. ചന്തയുടെ ഒരു മൂലയ്ക്ക് കിടന്ന് മണിയൻ ഉറങ്ങി. ചോണൻ മണിയനെ അന്വേഷിച്ച് നടന്നെങ്കിലും കണ്ടില്ല. ചോണൻ വേഗം വീട്ടിലേക്ക് മടങ്ങി.

# മഴത്തുള്ളിപ്പിണക്കം

വഴിയോരങ്ങളിലും ഓടകളിലുമൊക്കെ മാലിന്യങ്ങൾ കുമിഞ്ഞുകൂടുകയും ദുർഗന്ധം വമിക്കുകയും ചെയ്യുന്നത് കൂട്ടുകാർ കാണുന്നില്ലേ? നമ്മൾ വലിച്ചെറിയുന്ന മാലിന്യമാണ് കുടിക്കുന്ന വെള്ളവും കഴിക്കുന്ന ഭക്ഷണവും നമുക്കു ചുറ്റുമുള്ള മണ്ണും നമ്മൾ ശ്വസിക്കുന്ന വായുവും എല്ലാം മലിനമാക്കുന്നത്. നന്നായി ജീവിക്കാൻ നല്ല മണ്ണും നല്ല വെള്ളവും നല്ല വായുവും വേണം. അതിന് നമ്മുടെ ജീവിത രീതിയിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. ഈ പാഠഭാഗത്തിലൂടെ കടന്നുപോകുമ്പോൾ അതൊക്കെ നാം തിരിച്ചറിയും.

## കാലവർഷത്തിന്റെ എഴുന്നള്ളത്ത്

പ്രശസ്ത കവിയായ പി. കുഞ്ഞിരാമൻ നായരുടെ ആത്മകഥയാണ് കവിയുടെ കാല്പാടുകൾ. ഈ കൃതിയിലെ ഒരു ഭാഗമാണ് കാലവർഷത്തിന്റെ എഴുന്നള്ളത്ത് എന്ന പാഠഭാഗമായി ചേർത്തിരിക്കുന്നത്.

## പാഠഭാഗത്തിന്റെ ആശയം

മിഥുനമാസത്തിലെ ഒരു വൈകുന്നേരം. മഴക്കാറും സന്ധ്യാസമയത്തെ ചെറിയ ഇരുട്ടും കൊണ്ട് സൂര്യൻ മറഞ്ഞിരിക്കുന്നു. ഇതുകണ്ട് തെന്മലയിലെ മരങ്ങൾ സംസാരിച്ചുതുടങ്ങി. 'സൂര്യനില്ല, സൂര്യൻ മരിച്ചു, മഴമേഘങ്ങളുടെ മറവിൽ ഇരിക്കുന്നു' തുടങ്ങി അവ ഓരോന്നു പറഞ്ഞു. പെട്ടെന്ന് കാറ്റും മഴയും ഇടിയും വന്നു.

കലങ്ങിയ വെള്ളം എല്ലായിടത്തുകൂടിയും ഒഴുകി. മനുഷ്യർ മാലിന്യങ്ങൾ എറിഞ്ഞ് വൃത്തികേടാക്കിയ ഭൂമിയെ നമുക്ക് തേച്ചു വെളുപ്പിക്കാം എന്നും പറഞ്ഞാണ് മഴത്തുള്ളികൾ ഭൂമിയിലേക്ക് വന്നത്. പതഞ്ഞൊഴുകിയ മഴവെള്ളത്തിൽ വള്ളിച്ചെടികൾ തല ഉലുമ്പിക്കഴുകി. തോർത്തുമാത്രമുടുത്ത് കുളിക്കാനെന്ന പോലെ മരങ്ങൾ നിന്നു. ടാറിട്ട റോഡിലൂടെ മഴവെള്ളം ഒഴുകിവരുന്നതു കണ്ടാൽ പെരുമ്പാമ്പാണെന്നു തോന്നും. കാലവർഷ ത്തിന്റെ വരവിനെ വളരെ മനോഹരമായി വർണിക്കുകയാണ് കവി തന്റെ ആത്മകഥയിൽ.

- **സായാഹ്നം എന്ന വാക്കിന്റെ അർഥം നിഘണ്ടു നോക്കി കണ്ടെത്തൂ.**

സായാഹ്നം - വൈകുന്നേരം

**കൂടുതൽ പദങ്ങൾ**

തെന്മലമരങ്ങൾ - തെന്മലയിലെ മരങ്ങൾ
ഒലുമ്പുക - ഉലച്ചുകഴുകുക

- **മഴത്തുള്ളിയുടെ പിണക്കം സൂചിപ്പിക്കുന്ന വാക്യം കണ്ടെത്തൂ.**

വൃത്തികെട്ട മനുഷ്യർ വൃത്തികേടാക്കി മുക്കിലിട്ട ഭൂമി. ആ ഓട്ടുപാത്രം നമുക്ക് തേച്ചുവെളുപ്പിക്കാം.

- **എന്തിനാണ് മഴത്തുള്ളി പിണങ്ങിയത്?**

പ്ലാസ്റ്റിക് കുപ്പികൾ, കൂടുകൾ, ഉപയോഗം കഴിഞ്ഞ ബാറ്ററികൾ, ട്യൂബുകൾ തുടങ്ങിയവ വലിച്ചെറിയുന്നതും കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗവും എല്ലാം ഭൂമിയെ മലിനമാക്കിയിരിക്കുകയാണ്. പ്രകൃതിയെ അതിന്റെ സൗന്ദര്യത്തിൽ സംരക്ഷിക്കേണ്ടത് മനുഷ്യന്റെ കടമയാണ്. അതു ചെയ്യാതിരിക്കുകയും ചുറ്റുപാടുകളെ വൃത്തികേടാക്കുകയും ജീവിക്കാൻ കൊള്ളാത്ത രീതിയിൽ മണ്ണും വെള്ളവും വായുവും മലിനമാക്കുകയും ചെയ്യുന്നതുകൊണ്ടാണ് മഴത്തുള്ളി പിണങ്ങിയത്.

- **മഴത്തുള്ളി എങ്ങനെയാണ് ഭൂമിയെ വൃത്തിയാക്കുന്നത്?**

വൃത്തികെട്ട മനുഷ്യർ വൃത്തികേടാക്കി മുക്കിലിട്ട ഓട്ടുപാത്രം തേച്ചുവെളുപ്പിക്കുന്നതുപോലെയാണ് ഭൂമിയെ മഴത്തുള്ളി വൃത്തിയാക്കുന്നത്.


- **മഴത്തുള്ളിയുടെ വിഷമം മാറ്റാൻ നമുക്ക് എന്തെല്ലാം ചെയ്യാൻ കഴിയും?**

നമുക്ക് ചുറ്റുപാടും വൃത്തിയായി സൂക്ഷിക്കാം. അടുക്കളമാലിന്യം വലിച്ചെറിയാതെ കമ്പോസ്റ്റ് കുഴിയിലിടാം. പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയാതെ പുനഃസംസ്കരിക്കാൻ കൊടുക്കാം.

- **'തെന്മലമരങ്ങൾ ചർച്ച യൊരുക്കി' - കാറ്റത്ത് ഉലയുന്ന മരങ്ങളിൽ നിന്നുയരുന്ന ശബ്ദങ്ങളാ ണല്ലോ മരങ്ങളുടെ ചർച്ചയായി പറയുന്നത്. ഇതുപോലെ മറ്റെന്തെല്ലാം കാഴ്ചകളാണ് ഇതിൽ പറയുന്നത്? കണ്ടെത്തി എഴുതൂ.**

1. **മഴവരുന്നു. വലിയ മുത്തുമഴ.**
   ആദ്യം മഴപെയ്യുമ്പോൾ വലിയ തുള്ളികളായാണ് പെയ്യുക. മഴത്തുള്ളികൾ വീഴുന്നത് കണ്ടാൽ മുത്തുകൾ വീഴുന്നതുപോലെ തോന്നും.
2. **വൃത്തികെട്ട മനുഷ്യർ വൃത്തികേടാക്കി മുക്കിലിട്ട ഭൂമി.**
   ഒഴിഞ്ഞ കുപ്പികളും പ്ലാസ്റ്റിക് കവറുകളും ഭക്ഷണവേസ്റ്റുകളും എല്ലാം വലിച്ചെറിയുന്നത് ഭൂമിയിലേക്കാണ്. ഇതാണ് ഇവിടെ സൂചിപ്പിക്കുന്നത്.
3. **മഴവെള്ളത്തിൽ തല ഒലുമ്പുന്ന വള്ളികൾ**
   മഴവെള്ളം വീഴുമ്പോൾ വള്ളിച്ചെടികൾ കുലുങ്ങുന്നതു കണ്ടാൽ തല നന്നായി ഉലച്ചു കഴുകുന്നതായി തോന്നും.
4. **മലവെള്ളത്തിൽ ഒലിച്ചുവരുന്ന പെരുമ്പാമ്പായ കറുത്ത പാത.**
   കലങ്ങിമറിഞ്ഞ മഴവെള്ളം ടാറിട്ട പാതയിലൂടെ ഒഴുകുന്നതു കണ്ടാൽ പെരുമ്പാമ്പ് ഇഴഞ്ഞുവരുന്നതുപോലെ തോന്നും.

- **മഴത്തുള്ളിയെപ്പോലെ ഭൂമിയെ വൃത്തിയാക്കുന്നവർ വേറെയുമുണ്ട്. ചിത്രം വായിക്കൂ.**



ഇന്നിന്റെ കാഴ്ചകൾ - ശ്രീജ പള്ളം

- **ചിത്രം വായിച്ചു കണ്ടെത്തിയ കാര്യങ്ങൾ പങ്കുവയ്ക്കൂ.**
  മഴത്തുള്ളിയെപ്പോലെ ഭൂമിയെ വൃത്തിയാക്കുന്നവരാണ് ഹരിതകർമ്മസേനാംഗങ്ങൾ. ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിച്ച മാലിന്യങ്ങളെ പുനരുപയോഗിക്കാവുന്നവ, സുരക്ഷിതമായി നശിപ്പിക്കേണ്ടവ എന്നിങ്ങനെ വേർതിരിക്കുന്നതാണ് ശ്രീജ പള്ളം എന്ന ചിത്രകാരി വരച്ച ചിത്രത്തിലുള്ളത്.
- **ഹരിതകർമ്മസേനാംഗങ്ങൾ എവിടെനിന്നാവും ഇതെല്ലാം ശേഖരിച്ചത്?**
  ഹരിതകർമ്മസേനാംഗങ്ങൾ വീടുകളിൽനിന്നും കടകളിൽനിന്നും ചന്തകളിൽനിന്നുമൊക്കെയാണ് മാലിന്യങ്ങൾ ശേഖരിച്ചത്.

# മൈനയ്ക്കൊരു കത്ത്

**കൂട്ടുകാർ മിഠായിയും ബിസ്കറ്റും ലോലിപോപ്പും ചെയ്യുക? കഴുകി വൃത്തിയാക്കി ഹരിതകർമ്മ സേനാംഗങ്ങൾക്ക് കൊടുക്കുന്നവർ ധാരാളം ഉണ്ടല്ലോ. എന്നാൽ ചിലരെങ്കിലും എവിടെ നിന്നാണോ കഴിക്കുന്നത് അവിടെത്തന്നെ പ്ലാസ്റ്റിക് കവറുകൾ വലിച്ചെറിയും. അത് വഴിയരികാകാം, പുഴയരികാകാം, കടൽപ്പുറമാകാം. നമ്മൾ വലിച്ചെറിയുന്ന മാലിന്യങ്ങൾ എന്തെല്ലാം വിപത്തുകളാണ് വരുത്തിവയ്ക്കുന്നതെന്നോ?**

**തീവണ്ടിയാത്രയ്ക്കിടെ മൈനയെന്ന കുട്ടി വലിച്ചെറിഞ്ഞ ബിസ്കറ്റ് കവർ ചെന്നുവീണത് ഒരു തോട്ടിലാണ്. ആ കവറിൽ ഒരു പരൽമീൻ രക്ഷപ്പെടാൻ കഴിയാത്തവിധം കുടുങ്ങിപ്പോയി. അച്ഛനമ്മമാരിൽനിന്ന് അത് വേർപെട്ടു. ആ ബിസ്കറ്റ് കവർ മൈനയ്ക്ക് എഴുതിയ കത്താണ് പാഠഭാഗം.**

## പ്രവർത്തനങ്ങൾ

- ബിസ്കറ്റ് കവറിനും പരൽമീനിനും മാത്രമാണോ ഇത്തരത്തിൽ ദുരിതമനുഭവിക്കേണ്ടി വരിക? മറ്റൊരു ജീവിയോ വസ്തുവോ എഴുതാനിടയുള്ള കത്ത് തയാറാക്കൂ.

**മാതൃക**

സ്ഥലം
തീയതി

പ്രിയപ്പെട്ട ഉണ്ണിമോൾക്ക്,

നിന്റെ പ്രിയപ്പെട്ട പൂവാലിപ്പശുവാണ് ഞാൻ. കഴിഞ്ഞ ദിവസം നീ അമ്മവീട്ടിൽ പോയപ്പോൾ അമ്മയാണ് എന്നെ പറമ്പിൽ പുല്ലുതിന്നാൻ കൊണ്ടുപോയത്. നീ എന്നെ കൊണ്ടുപോകുമ്പോൾ അവിടെയുള്ള പ്ലാസ്റ്റിക് കവറുകൾ പെറുക്കി കളയാറുള്ളതല്ലേ. അമ്മയ്ക്ക് തിരക്കായതുകൊണ്ടാവാം എന്നെ അവിടെ കെട്ടിയിട്ട് പോന്നു. ഞാൻ പുല്ലു കണ്ടിട്ട് മറ്റൊന്നും ഓർക്കാതെ തീറ്റതുടങ്ങി. വെളുത്തതും മഞ്ഞയുമായ പ്ലാസ്റ്റിക് കവറുകളും ബിസ്കറ്റ് കവറുകളുമൊക്കെ പലയിടത്തായി കിടന്നത് എന്റെ ശ്രദ്ധയിൽപ്പെട്ടില്ല. ഞാൻ എല്ലാം വാരിവലിച്ച് തിന്നു. വൈകുന്നേരം ആകാറായപ്പോൾ അമ്മ വന്ന് എന്നെ കൊണ്ടുപോന്നു. അപ്പോൾ എനിക്ക് വയറിന് എന്തോ സുഖമില്ലാത്തതുപോലെ തോന്നി. വെള്ളം കുടിച്ച് ഞാൻ കിടന്നു. പിറ്റേന്നായപ്പോൾ വയറുവേദനയായി. ഞാൻ ഭക്ഷണം കഴിക്കാതെ തളർന്നുകിടക്കുന്നതുകണ്ട് അമ്മയ്ക്ക് സങ്കടമായി. ഡോക്ടറെ വിളിച്ചുകൊണ്ടുവന്നു. മരുന്നു തന്നു. പക്ഷേ മാറ്റമൊന്നും വന്നില്ല. എനിക്ക് തളർച്ച കൂടിക്കൂടിവന്നു. ഒടുവിൽ ആശുപത്രിയിൽ കൊണ്ടുപോയി. സ്കാൻ ചെയ്തപ്പോൾ വയറ്റിൽ കുറേ പ്ലാസ്റ്റിക് കിടക്കുന്നുണ്ടെന്ന് കണ്ടെത്തി. ഉടനെ ശസ്ത്രക്രിയ ചെയ്ത് ഡോക്ടർ പ്ലാസ്റ്റിക് വെളിയിലെടുത്തു. എനിക്കിപ്പോൾ ഭേദമായിവരുന്നു. ഭക്ഷണം കഴിക്കാൻ തുടങ്ങി. മനുഷ്യർ പ്ലാസ്റ്റിക്കും മറ്റ് അപകടകരമായ മാലിന്യങ്ങളും ഇങ്ങനെ വലിച്ചെറിഞ്ഞാൽ ഞങ്ങളെപ്പോലെയുള്ള ജീവികൾ ഭൂമിയിൽ ഇല്ലാതെവരും. നിങ്ങൾ കുട്ടികൾ ഇതിനൊക്കെ പരിഹാരം കാണണം.

സ്നേഹത്തോടെ
പൂവാലി

- ഹരിതകർമ്മസേനാംഗങ്ങളെ സ്കൂളിലേക്ക് ക്ഷണിക്കൂ. അവരോട് എന്തൊക്കെ ചോദിച്ചറിയാം?
- നിങ്ങൾ ശേഖരിക്കുന്ന മാലിന്യങ്ങൾ എങ്ങനെയാണ് സുരക്ഷിതമായി കൈകാര്യം ചെയ്യുന്നത്? സുരക്ഷിതമായി സംസ്കരിക്കുന്നത്?
- പുനരുപയോഗസാധ്യതയുള്ള പ്ലാസ്റ്റിക്കുകളും മറ്റും എന്താണ് ചെയ്യുന്നത്?
- കുറഞ്ഞ വേതനം മാത്രം ലഭിക്കുമ്പോഴും നമ്മുടെ നാടിനെ മാലിന്യത്തിൽനിന്ന് രക്ഷിക്കാനായി നിങ്ങൾ നടത്തുന്ന മഹത്തായ പ്രവൃത്തിയിലേക്ക് നിങ്ങളെ നയിച്ച മാനസികാവസ്ഥയെ വിശദീകരിക്കാമോ?
- ഓരോ വീട്ടിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി എത്ര രൂപയാണ് അവർ നൽകേണ്ടത്?
- മാലിന്യങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യാനായി എന്തെല്ലാം ക്രമീകരണങ്ങളാണ് നിങ്ങൾ സ്വീകരിക്കുന്നത്?
- വീട്ടുകാരും നാട്ടുകാരും നിങ്ങളും ഈ മഹത്തായ സേവനത്തോട് എങ്ങനെയാണ് പ്രതികരിക്കാറുള്ളത്?

- **പ്ലാസ്റ്റിക്കിനു പുറമെ ഹരിതകർമ്മസേനാംഗങ്ങൾ എന്തെല്ലാം ശേഖരിക്കും?**

- വീട്ടിലെ ജൈവമാലിന്യമൊഴിച്ച് എല്ലാ മാലിന്യങ്ങളും ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിക്കും.
- ഉപയോഗിച്ച് ബാക്കിവന്ന, കാലാവധി കഴിഞ്ഞ മരുന്നുകൾ വലിച്ചെറിഞ്ഞാൽ അത് മണ്ണിലും കുടിവെള്ളത്തിലുമൊക്കെ കലർന്ന് മണ്ണും വെള്ളവും വിഷമയമാകും. ഇത്തരം മരുന്നുകൾ ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിക്കും.
- കീടനാശിനിക്കുപ്പികൾ, ഉപയോഗിച്ചു കഴിഞ്ഞ ബാറ്ററികൾ എന്നിവ വലിച്ചെറിഞ്ഞാൽ അത് മണ്ണിലും വെള്ളത്തിലുമൊക്കെ കലർന്ന് മനുഷ്യർക്ക് പല മാരകമായ രോഗങ്ങളുമുണ്ടാക്കും. അവയും ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിക്കും.
- ഫ്യൂസായ സി. എഫ്. എൽ. ബൾബുകൾ, ട്യൂബുകൾ എന്നിവയിൽ മാരകമായ മെർക്കുറി അടങ്ങിയിട്ടുണ്ട്. ഇവ വലിച്ചെറിയുകയോ പറമ്പിന്റെ മൂലയിൽ കൂട്ടിയിടുകയോ ചെയ്താൽ മഴപെയ്യുമ്പോഴും മറ്റും മണ്ണിലും വെള്ളത്തിലും കലർന്ന് നമ്മുടെ ഉള്ളിലുമെത്തും. ഇതും നമുക്ക് ഗുരുതരമായ പല രോഗങ്ങളുമുണ്ടാക്കും. ഇത്തരം മാലിന്യങ്ങളും ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കും.
- കടയിൽനിന്നു വാങ്ങിക്കുന്ന നിത്യോപയോഗവസ്തുക്കൾ, ബിസ്കറ്റുകൾ, മിഠായികൾ തുടങ്ങിയവയുടെ കവറുകൾ ഒരിക്കലും മണ്ണിലേക്ക് വലിച്ചെറിയരുത്. അവയും ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിച്ച് സുരക്ഷിതമായി നശിപ്പിക്കും.
- വീട്ടിൽ വിവാഹമോ മറ്റ് ആഘോഷങ്ങളോ നടക്കുമ്പോൾ ഉണ്ടാകുന്ന പേപ്പർ പാത്രങ്ങൾ, ഗ്ലാസുകൾ എന്നിവപോലുള്ള മാലിന്യങ്ങളും ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിച്ച് സുരക്ഷിതമായി നശിപ്പിക്കും.

# മണിച്ചെപ്പ്



ലോകത്ത് പല വീടുകളിൽ നിന്നായി ഒരു വർഷം വലിച്ചെറിയുന്നത് നൂറുകോടി ടൺ ഭക്ഷണമാണ്. ഒരു നേരത്തെ ഭക്ഷണമില്ലാതെ ലോകത്ത് പട്ടിണി കിടക്കുന്നത് 80 കോടി ജനങ്ങളാണ്. ഇവരിൽ 78 കോടി ആളുകൾക്ക് ഒരു നേരത്തെ വിശപ്പ് മാറ്റാനുള്ള ആഹാരമാണ് ഓരോ വീട്ടിൽനിന്നും ഇങ്ങനെ വലിച്ചെറിയുന്നത്. ലോകത്ത് ഉണ്ടാക്കുന്ന ഭക്ഷണത്തിൽ പകുതിയിലധികവും ആളുകൾ കുപ്പത്തൊട്ടിയിലേക്ക് വലിച്ചെറിയുന്നുണ്ടത്രേ. ഒരു വിവാഹവീട്ടിൽ ചെന്നുനോക്കിയാൽത്തന്നെ നമുക്കിത് കാണാൻ കഴിയും.

## പ്രവർത്തനങ്ങൾ



- പാഠപുസ്തകം പേജ് 50 ലെ അരിമംഗലം ജി. എൽ. പി. എസിലെ സ്കൂൾ ദിനപത്രം 'മണിച്ചെപ്പി'ൽ നൽകിയ വാർത്ത വായിച്ചല്ലോ. ഈ വാർത്ത വായിച്ചപ്പോൾ നിങ്ങളുടെ മനസ്സിലേക്കു വന്ന ചിത്രങ്ങൾ, സംഭവങ്ങൾ, വാർത്തകൾ എന്നിവ എന്തെല്ലാം?

### ചിത്രങ്ങളും വാർത്തകളും

യുദ്ധം നടക്കുന്ന രാജ്യങ്ങളിലെ പട്ടിണികൊണ്ടു വലയുന്ന കുട്ടികളുടെ ചിത്രങ്ങളും വാർത്തകളും മാധ്യമങ്ങളിൽ വന്നതാണ് 'മണിച്ചെപ്പ്' വായിച്ചപ്പോൾ ഓർമ്മവന്നത്. പിറന്നാൾ ആഘോഷത്തിന്റെ ഭാഗമായി ആശുപത്രികളിലും മറ്റും കിടക്കുന്ന രോഗികൾക്ക് ഭക്ഷണം എത്തിച്ചുകൊടുക്കുന്ന കാര്യവും ഞാൻ അപ്പോൾ ഓർത്തു.



ഞങ്ങളുടെ സ്കൂളിലും കുട്ടികൾ പൊതിച്ചോറുകൾ കൊണ്ടുവരാറുണ്ട്. ഉച്ചഭക്ഷണ സമയത്ത് ഒരു വറ്റുപോലും പാഴാക്കാതിരിക്കാൻ ഞങ്ങൾ ശ്രദ്ധിക്കാറുണ്ട്.



## വിശക്കുന്ന വയറുകൾക്ക് പൊതിച്ചോറുമായി കുരുന്നു വിദ്യാർത്ഥികൾ



മറ്റത്തൂർ : കോടാലി ഗവ. എൽ.പി. സ്കൂൾ വിദ്യാർത്ഥികൾ വിശന്നിരിക്കുന്നവർക്കായി പാഥേയം എന്ന പേരിൽ പൊതിച്ചോറ് പദ്ധതി ആരംഭിച്ചു. കുട്ടികൾ കൊണ്ടുവരുന്ന പൊതിച്ചോറ് സ്കൂളിനു മുന്നിലുള്ള ബസ്സ്റ്റോപ്പിൽ വച്ചാണ് വിതരണം ചെയ്യുന്നത്. ഓരോ ദിവസവും ഓരോ ക്ലാസിലെയും തെരഞ്ഞെടുത്ത പത്തു കുട്ടികൾ വീതമാണ് പൊതിച്ചോറുമായി എത്തുക. പദ്ധതിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു. പ്രധാനാധ്യാപികയും മറ്റധ്യാപകരും കുട്ടികൾക്കാവശ്യമായ സഹായങ്ങളുമായി ഒപ്പം ഉണ്ടായിരുന്നു.

### ഹൃദയപൂർവം പദ്ധതി

സർക്കാർ ആശുപത്രികളിൽ എത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ഭക്ഷണം നൽകുന്ന പദ്ധതിയാണ് ഹൃദയപൂർവം പൊതിച്ചോറു പദ്ധതി. ദിവസവും 40000 പൊതിച്ചോറാണ് ഈ പദ്ധതിയിലൂടെ വിതരണം ചെയ്യുന്നത്. വർഷത്തിൽ എല്ലാ ദിവസവും പൊതിച്ചോർ വിതരണം ചെയ്യുന്നുണ്ട്. 2017 ൽ ഡി വൈ എഫ് ഐയുടെ നേതൃത്വത്തിലാണ് പൊതിച്ചോർ വിതരണം ആരംഭിച്ചത്. വോളന്റിയർമാരുടെ നിർദ്ദേശപ്രകാരം ഓരോ വീടുകളിൽ നിന്നുമാണ് ഭക്ഷണം സ്വീകരിക്കുന്നത്. വീട്ടുകാർ അവർക്കുള്ള ഭക്ഷണത്തിനൊപ്പം രണ്ടോ മൂന്നോ പേർക്കുള്ള അധികഭക്ഷണം തയ്യാറാക്കി നൽകിയാണ് പൊതിച്ചോർ പദ്ധതിയോട് സഹകരിക്കുന്നത്.



- **അരിമംഗലം ജി.എൽ.പി. സ്കൂളിന്റെ മാതൃകയിൽ നിങ്ങളുടെ സ്കൂളിൽ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ കഴിയുക? ചർച്ചചെയ്യൂ.**

### പിറന്നാളാഘോഷിക്കാം

**ക്ലാസിലെ പാവപ്പെട്ട കുട്ടികളുടെ പിറന്നാൾ നമുക്കെല്ലാവർക്കും കൂടി ആഘോഷിച്ചാലോ? ക്ലാസിലെത്ര കുട്ടികളുണ്ടോ അവരിൽ കുറച്ചുപേർ ചോറും കുറച്ചുപേർ സാമ്പാറും കുറച്ചുപേർ അവിയലും കുറച്ചുപേർ തോരനും കുറച്ചുപേർ പപ്പടവും കുറച്ചുപേർ അച്ചാറും കുറച്ചുപേർ പായസവും കുറച്ചുപേർ കഴിക്കാനുള്ള ഇലയുമൊക്കെ കൊണ്ടുവരിക. ഉച്ചയ്ക്ക് ടീച്ചറുടെ നേതൃത്വത്തിൽ അടിപൊളി പിറന്നാൾ സദ്യ എല്ലാവർക്കും ഒരുമിച്ച് ഉണ്ണാം. എങ്ങനെയുണ്ട് ഐഡിയ.**



## ഒരു പിടി അരി



സ്കൂളിലെ പാവപ്പെട്ട കുട്ടികളുടെ വീട്ടിലെ വിശപ്പു മാറ്റാൻ നമുക്കൊരുമിക്കാം. സ്കൂളിലെ ഓരോ കുട്ടിയുടെയും വീട്ടിൽ ഉച്ചയ്ക്ക് ചോറുണ്ടാക്കാനെടുക്കുന്ന അരിയിൽ നിന്നും ഒരു പിടി അരി ഓരോ ദിവസവും ഒരു പാത്രത്തിലേക്ക് മാറ്റിവയ്ക്കുക. മാസാവസാനം ഇത് സ്കൂളിലെത്തിക്കുക. ഇങ്ങനെ എല്ലാ കുട്ടികളും കൊണ്ടുവന്ന അരി ഒരുമിച്ചു കൂട്ടി ഒരു ചാക്കിലാക്കി പാവപ്പെട്ട കുട്ടികളുടെ വീട്ടിലെത്തിച്ചു കൊടുക്കുക. അല്ലെങ്കിൽ സ്കൂളിനടുത്തുള്ള പാവപ്പെട്ട വീടുകളിൽ എത്തിക്കാം.

- 'ഓരോ വറ്റും' പദ്ധതിപോലെ മറ്റൊരു സ്കൂളിൽ ശുചിത്വസന്ദേശ പോസ്റ്ററുകൾ തയ്യാറാക്കി ഒട്ടിക്കുന്ന പ്രവർത്തനമാണ് നടന്നത്. അവർ തയ്യാറാക്കിയ പോസ്റ്ററുകൾ (പാഠപുസ്തകം പേജ് 51) കണ്ടല്ലോ. പോസ്റ്ററുകൾ തയ്യാറാക്കി വീട്ടിലും പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിക്കൂ.

മാതൃക

